"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയുടെ കപ്പാസിറ്റി ബിൽഡിങ്ങിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് ക്രമീകരിച്ച വകയിൽ കേന്ദ്ര സർക്കാരിൽ നിന്നും 10 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ച തുകയുടെ 50% ആദ്യ ഗഡു- അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1606/2023/LSGD    തീയതി,തിരുവനന്തപുരം, 07-08-2023

---

പരാമർശം:-
1. 09.03.2023 ലെ സ ഉ (സാധാ) നം.576/2023/ തസ്വഭവ
2. 29.03.2023 ലെ സ ഉ (സാധാ) നം.753/2023തസ്വഭവ
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.07.2023 ലെ LSGD/PD/45140/2023-PE3 നമ്പർ കത്ത്.
4. 25.07.2023 ലെ സ ഉ (സാധാ) നം.5542/2023ധന.

**ഉത്തരവ്**

പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെ കപ്പാസിറ്റി ബിൽഡിങ്ങിന്റെ പ്രധാനമന്ത്രി ആവാസ് യോജന ( നഗരം ) പദ്ധതിയുടെ കപ്പാസിറ്റി ബിൽഡിങ്ങിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് ക്രമീകരിച്ച വകയിൽ കേന്ദ്ര സർക്കാരിൽ നിന്നും 10 പ്രോജക്ടുകൾക്കായി 5,50,000/- രൂപയുടെ അംഗീകാരം ലഭിച്ചതിന്റെയും ടി തുകയുടെ 50% ആദ്യ ഗഡുവായി (രണ്ട് ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവായതിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത തു കോർപ്പറേഷനുകൾക്കുള്ള ശീർഷകത്തിൽ (2217-05-191-48 (48) ) 79,767/രൂപയും മുൻസിപ്പാലിറ്റികൾക്കുള്ള ശീർഷകത്തിൽ (2217-05-192-48 (45) ) 1,95,233/രൂപയും വകയിരുത്തി ആകെ 2,75,000/രൂപ അനുവദിച്ച് കുടുംബശ്രീക്ക് അനുവദിക്കുന്നതിനായി പരാമർശം(1) ഉം (2) ഉം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത തുക ഉപയോഗിക്കാൻ സാധിക്കാത്തതിനാലും ഈ സാമ്പത്തിക വർഷം ടി ശീർഷകത്തിൽ തുക ലഭ്യമല്ലാത്തതിനാലും പ്രസ്തുത ശീർഷകത്തിൽ തുക അനുവദിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയുടെ കപ്പാസിറ്റി ബിൽഡിങ്ങിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് ക്രമീകരിച്ച വകയിൽ കേന്ദ്ര സർക്കാരിൽ നിന്നും 10 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ച തുകയുടെ ആദ്യ ഗഡു അനുവദിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനുകൾക്കുള്ള ശീർഷകത്തിൽ (2217-05-191-48(48) ) 79,767/- രൂപയും മുൻസിപ്പാലിറ്റി കൾക്കുള്ള ശീർഷകത്തിൽ (2217-05-192-48(45) ) 1,95,233/രൂപയും വകയിരുത്തി ആകെ 2,75,000/രൂപ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായ അർബൻ ഹൗസിങ് മിഷന്റെ ഐ.സി.ഐ.സി.ഐ ബാങ്ക് Account No. 033601001669, IFSC: ICIC0000336 (PFMS ലിങ്ക്ഡ്

ബാങ്ക് ) പഴയ റോഡ് ബ്രാഞ്ച്, മെഡിക്കൽ കോളേജ് എന്ന അക്കൗണ്ടിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഫിനാൻസ് വകുപ്പ് ( 31.07.2023 ലെ WCD-3/24/2023-FIN E(2328907) ) സൂചന.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 07-08-2023 12:50:02
സെക്ഷൻ ഓഫീസർ